P 17-06-2014-RP/SP (1)
11.30-11.40

ക്രമപ്രശ്നം

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാനൊരു പ്രധാനപ്പെട്ട പ്രശ്നം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. എ. ബേബി ഇന്നലെ ഈ സഭയിലെ സഭാ നടപടികളിൽ പങ്കെടുക്കുകയും അവസാനം ധനാഭ്യാർത്ഥനകളുടെ വോട്ടിംഗിൽ പങ്കെടുത്ത് വോട്ട് ചെയ്യുകയും ചെയ്തു. പക്ഷേ അദ്ദേഹം ഹാജർ പട്ടികയിൽ ഒപ്പു വച്ചിട്ടില്ല. ഹാജർ പട്ടികയിൽ ഒപ്പു വയ്ക്കാത്ത ഒരാൾക്ക് വോട്ട് ചെയ്യാൻ അവകാശമുണ്ടോയെന്നും അതുപോലെ ആ വോട്ട് സ്വീകരിക്കാൻ സാധിക്കുമോ എന്നുമുള്ള കാര്യം ചട്ടങ്ങളനുസരിച്ച് പരിശോധിക്കപ്പെടേണ്ട സംഗതിയാണ്. അതുകൊണ്ട് അദ്ദേഹം ഇന്നലെ ചെയ്ത വോട്ട് കണക്കിലെടുക്കാൻ പാടില്ല, അത് രേഖയിലുണ്ടാകാൻ പാടില്ല. വാസ്തവത്തിൽ ഹാജർ പട്ടികയിലുള്ള മെമ്പർമാരുടെ എണ്ണവും അതുപോലെ സഭയിൽ വോട്ടു ചെയ്യുന്നവരുടെ എണ്ണവും തമ്മിൽ ടാലി ചെയ്യേണ്ടത് നിയമപ്രകാരം ആവശ്യമായിട്ടുള്ളൊരു കാര്യമാണ്. ഹാജർ പട്ടികയിൽ ഒപ്പു വയ്ക്കാത്തൊരു മെമ്പർ സഭാ നടപടികളിൽ പങ്കെടുക്കുന്നതിൽ കുഴപ്പമില്ലെങ്കിൽ പോലും വോട്ട് ചെയ്യുന്നത് എങ്ങനെയാണെന്നുള്ള വിഷയത്തിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ ഒരു റൂളിംഗ് അത്യാവശ്യമാണെന്ന് ഞാൻ കരുതുന്നു.

ശ്രീ. മാത്യു. റ്റി. തോമസ്: സർ, മന്ത്രിമാർ ആരും തന്നെ ഹാജർ രേഖപ്പെടുത്താറില്ല. അങ്ങനെയെങ്കിൽ അവരുടെ വോട്ടും അസാധുവാക്കേണ്ടതാണ്.

മി. സ്പീക്കർ: നിങ്ങൾ അതിനെക്കുറിച്ച് ഒരു തർക്കത്തിലേക്ക് പോകണ്ട. ചെയർ അതിനെക്കുറിച്ച് പറഞ്ഞുകൊള്ളാം. ഇത് സംബന്ധിച്ച് ചട്ടം 172 – ൽ വ്യക്തമായി പറയുന്നുണ്ട്.

172. The Secretary shall on the days of sittings of the Assembly, keep an attendance book, which shall be signed every day by the members (other than the Speaker, 1[theDeputy Speaker,] the Ministers, 2[the Leader of Opposition and the Government Chief Whip]) present. A Member (other than the Speaker, 3[the Deputy Speaker,] the Ministers, 4[theLeader of Opposition and the Government Chief Whip]) who has not signed the attendance book on any day shall be presumed to have been absent from the Assembly on that day.

അതുകൊണ്ട് മന്ത്രിമാർ ഒപ്പിടണമെന്നില്ല. ബഹുമാനപ്പെട്ട ശ്രീ. എം. എ. ബേബി ഇന്നലെ സഭയിൽ ഹാജരായി ഹാജർ പുസ്തകത്തിൽ ഒപ്പിടാതെ ധനാഭ്യർത്ഥനയുടെ വോട്ടിംഗിൽ പങ്കെടുത്തത് ചട്ടവിരുദ്ധമാണെന്ന ക്രമപ്രശ്നമാണ് ശ്രീ. കെ. എൻ. എ. ഖാദർ ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തി യത്. ചെയർ ഇന്നലെ സഭാംഗങ്ങളുടെ ഹാജർ പട്ടികയും വോട്ട് രേഖപ്പെടു ത്തിയതും പരിശോധിച്ചു. ശ്രീ. എം. എ. ബേബി ഇന്നലെ ഹാജർ പുസ്തക ത്തിൽ ഹാജർ രേഖപ്പെടുത്തിയതായി കാണുന്നില്ല. എന്നാൽ അദ്ദേഹം ധനാഭ്യർത്ഥനയുടെ വോട്ടിംഗ് സമയത്ത് സഭയിൽ ഹാജരായി വോട്ട് രേഖപ്പെടുത്തിയതായി കാണുന്നു.

സഭയുടെ സിറ്റിംഗ് ഉള്ള എല്ലാ ദിവസങ്ങളിലും സെക്രട്ടറി ഒരു ഹാജർ പുസ്തകം സൂക്ഷിക്കേണ്ടതും ഹാജരാകുന്ന അംഗങ്ങൾ (സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവർ ഒഴികെ) ഹാജരാകുന്ന എല്ലാ ദിവസവും അതിൽ ഒപ്പുവയ്ക്കേണ്ട താണ്. മേൽപ്പറഞ്ഞവർ ഒഴികെയുള്ള അംഗങ്ങൾ ഏതെങ്കിലും ഒരു ദിവസം ഹാജർ പുസ്തകത്തിൽ ഒപ്പു വച്ചിട്ടില്ലെങ്കിൽ ആ അംഗം പ്രസ്തുത ദിവസം സഭയിൽ ഹാജരായിട്ടില്ലെന്ന് കരുതപ്പെടേണ്ടതാണെന്ന് ചട്ടം 172 അനുശാസി ക്കുന്നു.

നിയമസഭാ ചട്ടത്തിൽ 'Member who has not signed that attendance book on any day shall be presumed to have been absent from the Assembly on that day' എന്ന് വ്യക്തമായി നിഷ്ക്കർഷിച്ചിട്ടുള്ളതിനാൽ ശ്രീ. എം. എ. ബേബി ഹാജർ പുസ്തകം ഒപ്പിടാതിരുന്നത് ചട്ടവിരുദ്ധമാണ്. എന്നാൽ സഭയിൽ വോട്ടിംഗിൽ പങ്കെടുക്കുന്നതിന് ഹാജർ പുസ്തകത്തിൽ വോട്ട് രേഖപ്പെടുത്തണമെന്നില്ല. ഹാജർ പുസ്തകത്തിൽ ഹാജർ രേഖപ്പെടുത്തുവാൻ വിട്ടു പോകുന്ന അംഗ ങ്ങൾ അക്കാര്യം രേഖാമൂലം അറിയിച്ചാൽ ഹാജർ രേഖപ്പെടുത്താൻ പ്രത്യേക അനുമതി നൽകാറുണ്ട്. ശ്രീ. എം. എ. ബേബി ഹാജർ രേഖപ്പെടു ത്തണമെന്ന് രേഖാമൂലം അഭ്യർത്ഥിച്ചാൽ അതിനുള്ള അനുമതി ചെയർ നൽകുന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ ഒരു ശത്രുവായി സൂചിപ്പിച്ചതല്ല അത്. ഈ കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. അങ്ങനെ കൊണ്ടുവരു മ്പോഴാണല്ലോ നമ്മൾക്ക് ഓരോന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്.